**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1907** **08-02-2023 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ലൈവ് സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കുന്നതിനും 24 മണിക്കൂർ ടോൾ ഫ്രീ കേന്ദ്രീകൃത കോൾ സെന്റർ സംവിധാനം നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ലൈവ് സ്റ്റോക്ക് ഹെൽത്ത് ആന്റ് ഡിസീസ് കൺട്രോൾ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് അനുവദിച്ചിട്ടില്ല. ടി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾക്ക് കേന്ദ്രീകൃത ടോൾ ഫ്രീ കോൾ സെന്റർ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കൊടകര ബ്ലോക്കിന് കീഴിൽ പ്രസ്തുത പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | എല്ലാ ബ്ലോക്കുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ